പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2845** **10.12.2014** ലെ മറുപടിക്ക്

## പട്ടികജാതി ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷവും ഈ വർഷവും എത്ര തുകയാണ് നീക്കിവച്ചത് ; ഇതിൽ ചെലവായ തുക എത്രയാണെന്ന് അറിയിക്കാമോ? | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗ പുനരധിവാസ പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ പരിഷ്കരിക്കുകയും പട്ടികജാതിയിലെ ദുർബല വിഭാഗക്കാർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം (മുമ്പ് 2.50 ലക്ഷം) രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം (മുമ്പ് 2 ലക്ഷം) രൂപയും ഉൾപ്പെടെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി ആകെ 7.25 ലക്ഷം (മുമ്പ് 4.50 ലക്ഷം) രൂപ അനുവദിക്കുന്നുണ്ട്. വീട് മെയിന്റനൻസിന് 50,000/-രൂപയും ടോയിലറ്റിന് 25,000/- രൂപയും നൽകി വരുന്നു. കൂടാതെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് ധനസഹായം, അടിസ്ഥാന സൗകര്യത്തിനുള്ള റോഡ്, കുടിവെള്ളം, വൈദ്യുതീകരണം എന്നിവയ്ക്കുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ദുർബല വിഭാഗ പുനരധിവാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു. |

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | ചെലവഴിച്ച തുക |
|---|---|---|
| 2013-14 | 1,500 ലക്ഷം | 1504.48 ലക്ഷം |
| 2014-15 | 1,000 ലക്ഷം | 268.66 ലക്ഷം |

സെക്ഷൻ ഓഫീസർ